# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3987 | 19.03.2018-ൽ മറുപടിയ്ക്ക്

## കാവുകളും കുളങ്ങളും സംരക്ഷിക്കാൻ പദ്ധതികൾ

ചോദ്യം:

ശ്രീ.സി. ദിവാകരൻ

മറുപടി:

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും ജലസമൃദ്ധി ഉറപ്പാക്കാൻ റവന്യൂ വകുപ്പ് മുഖാന്തരം കാവുകളും കുളങ്ങളും സംരക്ഷിക്കാൻ പദ്ധതികൾ നിലവിലുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെല്ലാം കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) യും (ബി) യും

ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

എറണാകുളം ജില്ലയിൽ കഴിഞ്ഞ വേനൽക്കാലത്ത് 'എന്റെ കുളം' പദ്ധതിയിൽപ്പെടുത്തി 151 കുളങ്ങൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കിയിരുന്നു. 'ഓപ്പറേഷൻ അനന്ത', 'അമൃത കലശം' എന്നീ പദ്ധതികളിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 67 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജലസമൃദ്ധി ഉറപ്പാക്കാൻ ജില്ലയിലെ കാവുകളേയും പൊതുകുളങ്ങളേയും സംരക്ഷിക്കുന്നതിന് 'ഹരിത കേരളം' പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പൊതുവും സ്വകാര്യവുമായ ജലസ്രോതസ്സുകൾ (പാറക്കുളങ്ങൾ) ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഏറ്റെടുത്തിട്ടുള്ളതും

അവയിൽ നിന്നുള്ള ജലചൂഷണം തടയുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഡാറ്റാബാങ്കിലും ബി.റ്റി.ആർ (ബേസിക് ടാക്സ് രജിസ്റ്റർ)-ലും നിലം/തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കുളം ഉൾപ്പെടെയുള്ള എല്ലാ ഭൂമിയിലും പരിവർത്തനപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിച്ചുവരുന്നു.

ചോറ്റാനിക്കര ക്ഷേത്രക്കുളം, എറണാകുളം മാരപ്പറമ്പ് ക്ഷേത്രക്കുളം, അഴകിയകാവ് ക്ഷേത്രക്കുളം , തിരുവില്വാമല പാറക്കോട്ടുകാവ് ക്ഷേത്രം, തൃശ്ശൂർ മണലൂർ സത്രം, തൃശ്ശൂർ തിരുവാനത്ത് ക്ഷേത്രം, തൃശ്ശൂർ മുടിക്കോട് ക്ഷേത്രം , തിരുവഞ്ചിക്കുളം മടിയാട് കുന്ന് ക്ഷേത്രം, തിരുവനന്തപുരം പത്മനാഭസ്വാമി മിത്രാനന്തപുരം ക്ഷേത്രക്കുളം എന്നിവ സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ (ദേവസ്വം) വകുപ്പ് - ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി - സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള നിബന്ധനകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ദേവസ്വം) വകുപ്പ്

സ.ഉ.(കൈയ്യ്) നം. 165/2014/ആർഡി തിരുവനന്തപുരം, തീയതി, 09/05/2014.

പരാമർശം: 1) സ.ഉ.(കൈയ്യ്.) നം. 128/2012/ആർഡി തീയതി, 28/03/2012.

2) 03/02/2014 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

## ഉത്തരവ്

ക്ഷേത്രങ്ങളുടെ അധീനതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി പരാമർശം ഒന്ന് ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതിയും അപേക്ഷ സമർപ്പിക്കുന്നതിന് നിബന്ധനകളും പുറപ്പെടുവിച്ചിരുന്നു. ടി വിഷയത്തെ സംബന്ധിച്ച് പരാമർശം രണ്ട് പ്രകാരം കൂടിയ യോഗത്തിൽ പരാമർശ ഉത്തരവിനോടനുബന്ധിച്ച് പുറപ്പെടുവിച്ച നിബന്ധനകളിൽ ഭേദഗതി വരുത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നു പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അനുബന്ധമായി ചേർത്തതു പ്രകാരം നിബന്ധനകളിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.ആർ. ജ്യോതിലാൽ,
സെക്രട്ടറി.

കമ്മീഷണർ, തിരുവിതാംകൂർ/മലബാർ/കൊച്ചിൻ ദേവസ്വം ബോർഡ്.
റവന്യൂ വകുപ്പ് / തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
(പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

1) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

2) കുളങ്ങൾ നവീകരിക്കുന്നതിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ആ ക്ഷേത്ര കുളങ്ങൾ ജനങ്ങൾ ഉപയോഗിക്കുന്നവയാണെന്ന് ഉറപ്പുവരുത്തണം.

3) ഒരു കുളത്തിന്റെ നവീകരണത്തിന് ചെലവ് 30 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

4) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും അവയ്ക്ക് ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invasive approach ആയിരിക്കണം കാവുകളുടെ സംരക്ഷണത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രിയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷം രൂപയായി നിജപ്പെടുത്തുന്നതാണ്.

5) ആൽത്തറകളുടെ സംരക്ഷണത്തിന് പരമാവധി 2 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്.

6) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

7) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രക്കുളം/കാവുകൾ/ആൽത്തറകൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ദേവസ്വം ബോർഡുകളുടെ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കി ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ സമർപ്പിക്കേണ്ടതാണ് സ്വകാര്യ ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്മേൽ നിയന്ത്രണമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരി അംഗീകരിച്ച് ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്

8) കാവുകൾ/കുളങ്ങൾ/ആൽത്തറകൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തിനോട് ചേർന്നതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം ബോർഡ് സബ് ഗ്രൂപ്പ് ഓഫീസർ/ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തലവൻ നൽകേണ്ടതാണ്

9) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്

10) പദ്ധതിയുടെ പുരോഗതി അതാത് ദേവസ്വത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (Empowered Officer) അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട ഓഫീസ് തലവൻ വിലയിരുത്തേണ്ടതും, തുക വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്

11) അനുവദിച്ച തുക ഉപയോഗിച്ച ശേഷം ബാക്കി തുക ലഭ്യമാണെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

12) ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തിയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്.

13) സർക്കാർ അംഗീകരിച്ചു നൽകുന്ന പണി മാത്രമേ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ അപേക്ഷാ ഫാറത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14) ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളും/കാവ്/ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുകയുടെ ബിൽ റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് അതാത് ദേവസ്വം ബോർഡ് കമ്മീഷണർമാർക്ക് നൽകും. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ ബിൽ അതാതു തദ്ദേശ സ്വയംഭരണ മേധാവി റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതും പ്രസ്തുത ബിൽ കൗണ്ടർ സൈൻ ചെയ്ത് തദ്ദേശ സ്വയംഭരണ മേധാവിയെ ഏൽപ്പിക്കേണ്ടതും, തദ്ദേശ സ്വയംഭരണ മേധാവി പ്രസ്തുത ബിൽ മാറി തുക ക്ഷേത്ര അഡ്വൈസറി കമ്മിറ്റി/ബെനിഫിഷ്യറി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാണ്. പണി നടത്തിക്കുന്നതിനുള്ള ചുമതല അതാത് ക്ഷേത്രങ്ങളോട് ചേർന്നുള്ള ടെമ്പിൾ അഡ്വൈസറി കമ്മിറ്റി/ ബെനിഫിഷ്യറി കമ്മിറ്റിക്കും ആയിരിക്കും

സെക്ഷൻ ഓഫീസർ